**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3505          12/12/2014-ൽ മറുപടിയ്ക്ക്

## ജൈവപച്ചക്കറിക്കൃഷി- വ്യാവസായികാടിസ്ഥാനത്തിൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കെ.നാരായണൻ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്ത് ജൈവപച്ചക്കറിക്കൃഷി വ്യാവസായികാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) കൃഷി വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം ക്ലസ്റ്റർ അടിസ്ഥാനത്തിൽ വ്യാവസായികമായി പച്ചക്കറി കൃഷി ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൈവ കൃഷിക്ക് പ്രാമുഖ്യം നൽകിക്കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. <br> സംസ്ഥാനത്ത് ജൈവ പച്ചക്കറികൃഷി 1250 ഹെക്ടറിൽ വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതികൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ 2014-15 സാമ്പത്തിക വർഷം നടപ്പിലാക്കുന്നുണ്ട്. |
| ബി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ? | ബി) കൃഷി വകുപ്പ് 2014-15-ൽ നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. <br> 1. വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന 5 ഹെക്ടർ വിസ്തീർണ്ണം വരുന്ന കൃഷിയിടത്തിനെയാണ് ക്ലസ്റ്റർ എന്നു പറയുന്നത്. ഇത്തരത്തിലുള്ള കാര്യക്ഷമമായി പ്രവർത്തിക്കുന്ന 800 ക്ലസ്റ്ററുകൾക്ക് 75,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. ഇതിനായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. <br> 2. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് (തുടർച്ചയില്ലാതെ കിടക്കുന്ന) വിസ്തീർണ്ണം അനുസരിച്ച് ഹെക്ടറിന് 15,000/ രൂപ നിരക്കിൽ ധനസഹായം നൽകുന്നു. 2900 ഹെക്ടർ കൃഷിക്കായി ആകെ 435 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. <br> 3. ക്ലസ്റ്ററുകളിൽ ജലസേചനത്തിന് പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് 10000 രൂപ സഹായമായി നൽകുന്നു. 1720 പമ്പ് സെറ്റുകൾ വാങ്ങുന്നതിന് 172 ലക്ഷം രൂപ |

വകയിരുത്തിയിട്ടുണ്ട്.

4. ക്ലസ്റ്ററുകളിൽ സസ്യ സംരക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിന് 1500 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. 1000 എണ്ണം വാങ്ങുന്നതിന് 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
5. ക്ലസ്റ്ററുകളിൽ പ്രവർത്തനച്ചിലവിനായി 2000 രൂപ ഹരിത ഫണ്ട് നൽകുന്നു. 800 ക്ലസ്റ്ററുകൾക്കായി 16 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
6. ക്ലസ്റ്ററുകളിലെ നൂതനവും ജൈവവുമായ പ്രവർത്തനങ്ങൾക്കായി ഇന്നവേഷൻ ഫണ്ട് എന്ന പേരിൽ ഓരോ ജില്ലയ്ക്കും 3 ലക്ഷം രൂപ നൽകിവരുന്നു. ഇതിനായി 42 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
7. തരിശായി കിടക്കുന്ന പ്രദേശങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30000 രൂപ നിരക്കിൽ സഹായധനം നൽകുന്നു. 500 ഹെക്ടർ തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിന് 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
8. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ **"എ" ഗ്രേഡ്** ആയി തെരഞ്ഞെടുക്കപ്പെട്ട 100 ക്ലസ്റ്ററുകൾക്ക് വികസന സഹായമായി 6.3 ലക്ഷം രൂപ വീതം നൽകുന്നു. ഇതിനായി 630 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
9. 2013-14 വർഷത്തിൽ തെരഞ്ഞെടുത്ത 95 **"എ" ഗ്രേഡ്** ക്ലസ്റ്ററുകൾക്ക് രണ്ടാം വർഷത്തെ വികസന സഹായമായി 2 ലക്ഷം രൂപ വീതം നൽകുന്നു. ഇതിനായി 190 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
10. ഇതു കൂടാതെ ഗ്രേഡ് ചെയ്യപ്പെടാത്ത പ്രവർത്തനമികവുള്ള 600 ക്ലസ്റ്ററുകൾക്ക് 1.5 ലക്ഷം രൂപ വീതം സഹായമായി നൽകുന്നു. ഇതിനായി 900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജൈവ പച്ചക്കറി കൃഷിയെപ്പറ്റിയുള്ള ലഘുലേഖകൾ, കൈ പുസ്തകങ്ങൾ എന്നിവയും പരിശീലന പരിപാടികളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. 2014-15 ലെ ഈ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**